# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം.11131/AD A3/4/2019/ADMIN തീയതി. 02.03.2020

സംസ്ഥാനത്തെ സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള സ്വയം ഭരണ/ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ്ഡ് പ്രൊക്യൂർമെൻറ് സംവിധാനത്തിന്റെ പോർട്ടലിലൂടെ മാത്രമേ കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി. ഉപകരണങ്ങൾ വാങ്ങാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശങ്ങൾ നൽകികൊണ്ട് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. ഐ.റ്റി.സെൽ-1/26/2019/വി.സ.വ. തീയതി, 18.03.2019 പുറത്തെഴുത്ത് നം. 11131/ADA3/4/2019/ADMIN തീയതി, 20.06.2019 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കിയിരുന്നു. ഇതു സംബന്ധിച്ച് തുടർ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സർക്കാർ സർക്കുലർ നം. ഐ.റ്റി.സെൽ-1/106/2019/വി.സ.വ. തീയതി 21.10.2019 പുറപ്പെടുവിച്ചിരുന്നു. ടി സർക്കുലർ, മിനിറ്റ്സ് ഇനം നം. 77/20.01/DDFS-11131/2019 തീയതി 15.02.2020 പ്രകാരം സർവകലാശാലയിൽ നടപ്പിലാക്കുവാൻ സിൻഡിക്കേറ്റ് തീരുമാനിച്ചിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി.,മഹാത്മാഗാന്ധി സർവകലാശാല
5. എ.ആർ./ഡി.ആർ./ജെ.ആർ.(ഭരണം/അക്കാദമിക്/ഫിനാൻസ്/പരീക്ഷ).
6. പി.ആർ.ഒ./ഐ.ക്യു.എ.സി./സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/ഓഡിറ്റ് 1/5/എഡി ബി4
8. എഡി എ1/എഡി എ2/എഡി എ4/എഡി എ5/എഡി സി.1/2/3
9. സ്റ്റോക്ക് ഫയൽ /റെക്കോർഡ്സ് സെക്ഷൻ/ഫയൽ കോപ്പി.

Draft #4 of File 11131/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 02-Mar-2020 03:50 PM - Page 1

1/4

FAX

**കേരള സർക്കാർ**

**ഇലക്ട്രോണിക്സും വിവര സാങ്കേതികവും വിദ്യ (ഐ.ടി സെൽ) വകുപ്പ്**

നം. ഐ.റ്റി.സെൽ-1/106/2019/വി.സ.വ                    തിരുവനന്തപുരം, തീയതി :21/10/2019.

**സർക്കുലർ**

വിഷയം: ഇലക്ട്രോണിക്സും വിവര സാങ്കേതികവും വിദ്യ വകുപ്പ് — സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് റേറ്റ് കോൺട്രാക്ട് സിസ്റ്റം(CPRCS)—സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്ക് കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ മുതലായ ഐ.റ്റി സാമഗ്രികൾ CPRCS മുഖേനെ വാങ്ങുന്നതിനും വിന്യസിക്കുന്നതിനുമുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: 1. സ.ഉ (എം.എസ്.) നം.24/2017/ITD തീയതി 18/11/2017.
2. സ.ഉ (സാധാ) നം.25/2018/ITD തീയതി 01/02/2018.
3. 18/03/2019-ലെ ഐ.റ്റി.സെൽ-1/26/2019/വി.സ.വ നമ്പർ സർക്കുലർ

**************

സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾക്കും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വിവിധ കമ്മീഷനുകൾക്കും, സ്വയംഭരണ സ്ഥാപനങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടറുകൾ, ലാപ്പ്ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയ ഐ.റ്റി ഉപകരണങ്ങൾ ഒരു ഓൺലൈൻ സർക്കാർ പോർട്ടൽ (www.cprcs.kerala.gov.in) സംവിധാനത്തിലൂടെ വാങ്ങുന്നതിനായി ഒരു കേന്ദ്രീകൃത പർച്ചേസ് സംവിധാനം സൂചന (1) ലെ ഉത്തരവ് പ്രകാരം രൂപീകരിക്കുകയുണ്ടായി. വിവിധ സർക്കാർ വകുപ്പുകളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും ആവശ്യങ്ങൾ മുൻനിർത്തി കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ തയ്യാറാക്കിയ സ്പെസിഫിക്കേഷനിലുള്ള ഐ.റ്റി ഉപകരണങ്ങൾ കെൽട്രോൺ മുഖാന്തിരം ടെണ്ടർ ചെയ്ത് വില നിശ്ചയിച്ച് വകുപ്പുകളിലും സ്ഥാപനങ്ങളിലും നിന്നുമുള്ള വർക്ക് ഓർഡർ പ്രകാരം വിതരണം നടത്തുന്നതിനുള്ള സൗകര്യമാണ് ടി സംവിധാനത്തിൽ ഏർപ്പെടുത്തിയിരുന്നത്.

ഓരോ സാമ്പത്തിക വർഷവും, സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നതിനായി പല സന്ദർഭങ്ങളിലായി നടത്തിയിരുന്ന പ്രത്യേക ടെണ്ടറുകളും, അതിനു വേണ്ടി ചെലവാകുന്ന മാനുഷിക അദ്ധ്വാനം, ധനവിനിയോഗം, അംഗീകാരത്തിനായി വിവിധ തലങ്ങളിൽ വേണ്ടി വരുന്ന പരിശോധന എന്നിവ കുറയ്ക്കുന്നതിനും, കൂടാതെ സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകതക്കനുസരിച്ച് വലിയ ടെണ്ടർ ചെയ്യുമ്പോൾ ഐ.റ്റി ഉപകരണങ്ങളുടെ വിലയിൽ ലഭ്യമാകുന്ന ആനുകൂല്യം എന്നിവ കണക്കിലെടുത്തുകൊണ്ടാണ് സെൻട്രലൈസ്ഡ് പ്രോക്യൂർമെന്റ് റേറ്റ് കോൺട്രാക്ട് സിസ്റ്റം (Centralized Procurement Rate Contract System) സംവിധാനത്തെ സർക്കാരിന്റെ ഒരു പ്രധാനപ്പെട്ട പദ്ധതിയായി ആവിഷ്കരിച്ചുകൊണ്ട് നടപ്പാക്കുവാൻ തീരുമാനിച്ചത്. സംസ്ഥാനത്തിന്റെ മൊത്തം ആവശ്യകത മുൻനിർത്തി വളരെ പ്രാധാന്യം നൽകികൊണ്ട് സർക്കാർ നടപ്പിലാക്കിയ ടി സംവിധാനത്തിലൂടെയല്ലാതെ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളതല്ല എന്ന കർശന നിർദ്ദേശം സൂചന (1), (2) ഉത്തരവുകൾ പ്രകാരം വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും

(…2)

74

നൽകിയിട്ടുണ്ടായിരുന്നു. എന്നാൽ ടി സംവിധാനത്തിൽ ഉൾപ്പെടാത്ത ഉയർന്ന സ്പെസിഫിക്കേഷനിലുള്ള ഐ.റ്റി ഉപകരണങ്ങൾ അനിവാര്യമായി വരുന്ന സാഹചര്യങ്ങളിൽ വകുപ്പ് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ ടെണ്ടർ ചെയ്തോ അല്ലാതെയോ വാങ്ങുന്നതിനുള്ള അനുവാദവും വകുപ്പുകൾക്ക് നൽകിയിട്ടുണ്ടായിരുന്നു.

2018- മാർച്ചോടെ നിലവിൽ വന്ന സെൻട്രലൈസ്ഡ് പ്രോക്യുർമെന്റ് സംവിധാനത്തിൽ, മത്സരാധിഷ്ഠിത ടെണ്ടർ നടപടിയിലൂടെ വില നിശ്ചയിച്ച ഡെസ്ക്ടോപ്പുകളും, ലാപ് ടോപ്പുകളും പ്രിന്ററുകളും, സ്കാനറുകളും മറ്റും വളരെ വിലക്കുറവിൽ ലഭ്യമായിരുന്ന സാഹചര്യത്തിലും പല വകുപ്പുകളും, സ്ഥാപനങ്ങളും CPRCS സംവിധാനം വഴിയല്ലാതെ പ്രത്യേക ടെണ്ടർ നടപടികളിലൂടെയും, നേരിട്ടും ഓഫീസ് ആവശ്യത്തിനായി ഐ.റ്റി ഉപകരണങ്ങൾ വാങ്ങുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയത് വിലക്കിക്കൊണ്ടും CPRCS മുഖാന്തിരം മാത്രമേ ഐ.റ്റി ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചുകൊണ്ടും സൂചന (3) സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

സംസ്ഥാനത്തെ മൊത്തം ആവശ്യകത കണക്കിലെടുത്ത്, സുതാര്യമായ ഒരു പ്രക്രിയയിലൂടെ ഐ.റ്റി ഹാർഡ് വെയർ വാങ്ങുന്നതിനും വിന്യസിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചത് വിവര സാങ്കേതിക നയം 2017-ന്റെ ഭാഗമായാണ്. ഇന്ത്യയിൽ തന്നെ ആദ്യമായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന നൂതന സംവിധാനമായ CPRCS ഇതിനോടകം തന്നെ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുള്ളതുമാണ്.ഈ സാഹചര്യത്തിൽ ഓരോ വകുപ്പുകളും ഐ.റ്റി സാധന സാമഗ്രികൾ വാങ്ങുന്നതിന് ഇതര വഴികൾ തെരഞ്ഞെടുക്കുന്നത് പുതുതായി ആവിഷ്കരിച്ച ഒരു സർക്കാർ സംവിധാനത്തെ അവഗണിക്കുന്നതിനു തുല്യമാണ്.

നിലവിൽ CPRCS സംവിധാനത്തിലൂടെയുള്ള പർച്ചേസുകൾ സ്റ്റോർസ് പർച്ചേസ് മാന്വലിന്റെ ഭാഗമായി അംഗീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിവര സാങ്കേതിക വകുപ്പ് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സംസ്ഥാനത്തെ ഓഫീസ് ആവശ്യത്തിനുള്ള സാധന സാമഗ്രികൾ CPRCS സംവിധാനത്തിലൂടെ വാങ്ങുവാനുള്ള അനുവാദം നൽകിക്കൊണ്ട് സ്റ്റോർസ് പർച്ചേസ് മാന്വൽ ഭേദഗതി ചെയ്തിട്ടുള്ളതുമാണ് . CPRCS – ന് വേണ്ടി രണ്ടാം ഘട്ടത്തിൽ ചെയ്ത ടെണ്ടർ പ്രക്രിയയിലൂടെ ഡെസ്ക്ടോപ്പുകളും, ലാപ് ടോപ്പുകളും മറ്റുപകരണങ്ങളും വളരെ കുറഞ്ഞ വിലയിലാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത സംവിധാനം വഴി കമ്പ്യൂട്ടർ അധിഷ്ഠിത ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ വളരെ ലളിതവും സുതാര്യവും വകുപ്പുകൾക്ക്/സ്ഥാപനങ്ങൾക്ക് സാമ്പത്തികലാഭം ഉണ്ടാക്കുന്നതായും പഠനത്തിൽ വിലയിരുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, CPRCS ന് വേണ്ടി KSITM തയ്യാറാക്കിയ ഐ.റ്റി ഹാർഡ് വെയർ സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിക്കുന്നതും, സുതാര്യമായ രീതിയിൽ CPRCS പോലുള്ള ഏകജാലക സംവിധാനം മുഖേനെ അല്ലാതെ വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിനുവേണ്ടി ഇതര മാർഗ്ഗങ്ങൾ മുഖേനെ ഹാർഡ് വെയർ വാങ്ങുന്നതും വിന്യസിക്കുന്നതും കർശനമായി വിലക്കിക്കൊണ്ട് ചുവടെ പറയുന്ന അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കുമായി വാങ്ങാൻ ഉദ്ദേശിക്കുന്ന ഐ.റ്റി ഹാർഡ് വെയർ സാമഗ്രികൾ, CPRCS പോർട്ടലിൽ (www.cprcs.kerala.gov.in) കൂടി മാത്രമേ വാങ്ങുവാൻ പാടുള്ളൂ. നിലവിൽ വ്യത്യസ്തമായ സ്പെസിഫിക്കേഷനുള്ള (Medium end/High end - Ubuntu/ Windows) ഡെസ്ക് ടോപ്പ്

3/4

കമ്പ്യൂട്ടറുകളും, ലാപ് ടോപ്പുകളും പോർട്ടലിൽ ലഭ്യമാണ്. കൂടാതെ പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയറുകൾ, UPS മുതലായവ വളരെ കുറഞ്ഞ നിരക്കിലാണ് പോർട്ടലിൽ ലഭ്യമായിട്ടുള്ളത്.

2. പുതുതായി ചെയ്ത ടെണ്ടറിലൂടെ CPRCS -ൽ ലഭ്യമായിട്ടുള്ള ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുടേയും, ലാപ് ടോപ്പുകളുടേയും വിലയിലുള്ള ആനുകൂല്യം എല്ലാ വകുപ്പുകളും സ്ഥാപനങ്ങളും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനായി CPRCS - മായി ബന്ധപ്പെട്ട് ഐ.റ്റി വകുപ്പ് നേരത്തേ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി www.cprcs.kerala.gov.in പോർട്ടലിൽ രജിസ്റ്റർ ചെയ്ത് വർക്ക് ഓർഡർ നൽകുന്നതിനുള്ള സൌകര്യം ലഭ്യമാണ്.

3. സംസ്ഥാനത്തെ മൊത്തം ആവശ്യകത വിലയിരുത്തി ഓഫീസ് ആവശ്യത്തിന് ഉതകുന്ന തരത്തിൽ ഏറ്റവും നല്ല സ്പെസിഫിക്കേഷൻ തയ്യാറാക്കിക്കൊണ്ട്, മത്സരാതിഷ്ഠിത ടെണ്ടർ പ്രക്രിയയിലൂടെ വില നിർണ്ണയിച്ച് ഏറ്റവും ലാഭകരമായി വകുപ്പുകൾക്ക് വാങ്ങുവാൻ സാധിക്കുന്ന രീതിയിൽ, CPRCS പോർട്ടലിൽ ഐ.റ്റി ഹാർഡ് വെയർ സാമഗ്രികൾ വാങ്ങുന്നതിനുള്ള സംവിധാനം നിലവിലുണ്ടെന്നുള്ളത് സംസ്ഥാനത്തെ വിവിധ ആഡിറ്റ് ഏജൻസികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.CPRCS സംവിധാനത്തിലെ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്താതെ ഏതെങ്കിലും വകുപ്പോ സ്ഥാപനമോ CPRCS ൽ ലഭ്യമായിട്ടുള്ള സാമഗ്രികൾ കൂടിയ വിലയ്ക്ക് ടെണ്ടറുകൾ, ക്വട്ടേഷനുകൾ മുതലായ ഇതര മാർഗ്ഗങ്ങളിലൂടെ വാങ്ങുന്ന പക്ഷം, അധികമായി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പർച്ചേസിന് നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനമേധാവിക്കും ആയിരിക്കുന്നതാണ്.

4. CPRCS പോർട്ടലിലൂടെ കമ്പ്യൂട്ടറുകൾ, ലാപ് ടോപ്പുകൾ, പ്രിന്ററുകൾ, സ്കാനറുകൾ, ഫോട്ടോകോപ്പിയറുകൾ UPS എന്നിവ വാങ്ങുമ്പോൾ വകുപ്പുകളും സ്ഥാപനങ്ങളും BIMS സംവിധാനത്തിലൂടെ പേയ്മെന്റ് ചെയ്യേണ്ടതാണ്. BIMS നടപ്പിലാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾക്ക് ഇതരമാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്. ഇതരമാർഗ്ഗങ്ങളിലൂടെ CPRCS പേയ്മെന്റ് നടത്തുന്നവർ കൃത്യമായി UTR നമ്പറോ, TRN നമ്പറോ, 6 അക്ക sequence നമ്പറോ കൃത്യമായി പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിൽ കൃത്യതയില്ലെങ്കിൽ പേയ്മെന്റ് വെരിഫിക്കേഷൻ പ്രയാസമേറിയതാകുകയും ഇതു മൂലം വർക്ക് ഓർഡർ അംഗീകരിക്കുന്നതിന് കാലതാമസം ഉണ്ടാകാൻ ഇടയുള്ളതുമാണ്. ആയതിനാൽ പേയ്മെന്റ് നടത്തുമ്പോൾ മേൽപറഞ്ഞ റഫറൻസ് നമ്പറുകൾ കൃത്യമായും പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്.

5. വകുപ്പുകളും സ്ഥാപനങ്ങളും വർക്ക് ഓർഡർ നൽകുമ്പോഴും പേയ്മെന്റ്, ഡെലിവറി, ഇൻസ്റ്റലേഷൻ എന്നിവ സംബന്ധിച്ച് ഉണ്ടാകുന്ന ഏതെങ്കിലും സാങ്കേതിക പ്രശ്നങ്ങൾ രേഖപ്പെടുത്തുന്നതിന് CPRCS പോർട്ടലിൽ grievance കോളം ലഭ്യമാണ്. രജിസ്റ്റർ ചെയ്യുന്ന പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ KELTRON അടിയന്തിരമായി സ്വീകരിക്കുന്നതാണ്.

6. ഏതെങ്കിലും വകുപ്പുകൾക്ക് / സ്ഥാപനങ്ങൾക്ക് പ്രസ്തുത സ്ഥാപനത്തിലെ സവിശേഷ ജോലിയുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള കമ്പ്യൂട്ടർ/ ഐ.റ്റി ഹാർഡ് വെയർ ആവശ്യം വരുന്ന സാഹചര്യത്തിൽ ആയതിന് വകുപ്പുതല ടെക്നിക്കൽ കമ്മിററിയുടെ വ്യക്തമായ ശുപാർശ ഉണ്ടായിരിക്കേണ്ടതാണ്.

(...4)

4/4

7. CPRCS മുഖേന ഓർഡർ നൽകിയ ഹാർഡ് വെയറുകൾ ലഭ്യമാകുന്ന മുറയ്ക്ക് പോർട്ടലിൽ Acknowledge ചെയ്യേണ്ടതുമാണ്. ഇൻസ്റ്റലേഷൻ പൂർണ്ണമായോ എന്നും ഉപകരണം പ്രവർത്തക്ഷമമാണോ എന്നും രേഖപ്പെടുത്തേണ്ടതാണ്.
8. CPRCS സ്പെസിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഐ.റ്റി ഹാർഡ് വെയർ സാമഗ്രികളുടെ ബൾക്ക് പർച്ചേസുകൾ, വിവര സാങ്കേതിക വകുപ്പിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ വകുപ്പുകളും സ്ഥാപനങ്ങളും ചെയ്യുവാൻ പാടുള്ളൂ.

**എം .ശിവശങ്കർ**
**സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി/ സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും,

എല്ലാ വകുപ്പ് തലവൻമാർക്കും / നോഡൽ ഓഫീസർമാർക്കും,
എല്ലാ ജില്ലാ കളക്ടർമാർക്കും,
എല്ലാ സർവ്വകലാശാലകൾക്കും (ബന്ധപ്പെട്ട രജിസ്ട്രാർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷനുകൾക്കും നഗരസഭകൾക്കും(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ സ്വയംഭരണ സ്ഥാപനങ്ങൾക്കും / പൊതുമേഖലാ സ്ഥാപനങ്ങൾക്കും
ഡയറക്ടർ, കേരളാ സ്റ്റേറ്റ് ഐ.ടി മിഷൻ,തിരുവനന്തപുരം.
എം.ഡി, കെൽട്രോൺ, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും
സ്റ്റോർ പർച്ചേസ് വകുപ്പ്,
ധനകാര്യ വകുപ്പ്,
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്,
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
Saju
സെക്ഷൻ ഓഫീസർ